പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1684 16.03.2015 - ൽ മറുപടിയ്ക്ക്

## കേരള സാമൂഹിക മിഷൻ പദ്ധതികൾ 2014-2015

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിൻ കീഴിലെ കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014 - 2015 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിരുന്നു; 2015 ഫെബ്രുവരി 28 വരെ എത്ര തുക ചിലവാക്കി ; | (എ) | 2014-2015 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 83.3 കോടി രൂപ പ്ലാൻ ഇനത്തിലും 3.15കോടി രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിരുന്നു. 2015 ഫെബ്രുവരി 25 വരെ പ്ലാൻ ഇനത്തിൽ 87,91,64,053/- രൂപയും നോൺ പ്ലാൻ ഇനത്തിൽ 4,81,53,101/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2014 - 2015 ൽ ആശ്വാസകിരണം പദ്ധതിക്ക് എത്ര തുക വകയിരുത്തി; എത്ര തുക നാളിതുവരെ ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; | (ബി) | 23 കോടി വകയിരുത്തി. നാളിതുവരെ 36,89,98,375/- രൂപ ചെവലഴിച്ചു. 63544 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (സി) | കാൻസർ സുരക്ഷ പദ്ധതിക്കായി എത്ര തുക 2014-2015 ൽ വകയിരുത്തി ; എത്ര തുക നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു ; | (സി) | ക്യാൻസർ സുരക്ഷാ പദ്ധതിയ്ക്കായി 2014-15 വർഷത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിക്കായി 4,55,00,000/- രൂപ ചെലവഴിച്ചു. കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത 3700 കുട്ടികളിൽ ആവശ്യമുള്ള കുട്ടികൾക്ക് തുടർ ചികിത്സയും രജിസ്റ്റർ ചെയ്ത 515 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം പുതുതായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | താലോലം പദ്ധതിക്ക് 2014-2015 ൽ എത്ര തുക വകയിരുത്തി ; എത്ര തുക നാളിതുവരെ ചിലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ | (ഡി) | താലോലം പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയ്ക്കായി 5,32,59,000/- രൂപ ചെലവഴിച്ചു. 1304 പേർക്ക് ഈ |

| | | | |
|---|---|---|---|
| | ണം ലഭിച്ചു ; | | പദ്ധതിയുടെ പ്രയോജനം പുതുതായി ലഭ്യമാക്കിയതിനൊപ്പം മുൻവർഷം രജിസ്റ്റർ ചെയ്ത 8433 കുട്ടികളിൽ ആവശ്യമുള്ള കുട്ടികൾക്ക് തുടർചികിത്സയും നൽകി. |
| (ഇ) | ശ്രുതിതരംഗം പദ്ധതിക്ക് 2014-2015 ൽ എത്ര തുക വകയിരുത്തി ; നാളിതുവരെ എത്ര തുക ചിലവഴിച്ചു ; ആയതിൻപ്രകാരം എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; | (ഇ) | 2014-15 സാമ്പത്തിക വർഷം 'ശ്രുതിതരംഗം' പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയ്ക്കായി 5,55,18,264/- രൂപ ചെലവഴിച്ചിട്ടുണ്ട്. 69 കുട്ടികൾക്ക് 2014-15 സാമ്പത്തിക വർഷം സർജറി നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | വയോമിത്രം പദ്ധതി 2014-2015 ൽ എത്ര തുക വകയിരുത്തി ; എത്ര തുക നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | വയോമിത്രം പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ വകയിരുത്തി. നാളിതുവരെ 6,16,17,257/- രൂപ ചെലവഴിച്ചു. 127876 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മരുന്ന്, കൗൺസിലിംഗ് സേവനം എന്നിവ നൽകി വയോജനങ്ങൾക്ക് ആശ്വാസം പകരുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വയോമിത്രം. |

സെക്ഷൻ ഓഫീസർ